(ബി ആന്റ് സി) വിശദമായ പഠനത്തിനുശേഷം ആവശ്യമായ തുക വകയിരുത്തിയതിനുശേഷം മാത്രമേ പ്രസ്തുത പദ്ധതി ഏറ്റെടുത്ത് നടത്താൻ സാധിക്കുകയുള്ളൂ.

(ഡി) ബാധകമല്ല.

(ഇ) ഇല്ല. പ്രസ്തുത പദ്ധതിക്ക് വേണ്ടി പ്രോജക്ട് റിപ്പോർട്ടും എസ്റ്റിമേറ്റും തയ്യാറാക്കിയതിനു ശേഷം മാത്രമേ ബഡ്ജറ്റിൽ തുക വകകൊള്ളിക്കുന്നതിനുള്ള നടപടി എടുക്കുവാൻ കഴിയുകയുള്ളൂ.

മേജർ ഇറിഗേഷൻ പദ്ധതിയിലെ മാറ്റങ്ങൾ

74 [256] പ്രൊഫ. കെ. വി. തോമസ്:

ശ്രീ. എം. മുരളി:

,, പി. ജെ. ജോയി:

,, പി. ജെ. പൗലോസ്:

,, കെ. അച്ചുതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പണി നടന്നുവരുന്ന ഏതെങ്കിലും മേജർ ഇറിഗേഷൻ പദ്ധതിയിൽ എന്തെങ്കിലും മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഇതിനായി സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ചെക്ക് ഡാമുകൾ

75 [257] പ്രൊഫ. സാവിത്രി ലക്ഷ്മണൻ:

ശ്രീ. കെ. അച്ചുതൻ:

,, വി. ജെ. പൗലോസ്:

,, എം. മുരളി:

,, എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ എത്ര ചെക്ക് ഡാമുകളുണ്ട്;

(ബി) ഇവയിൽ സ്വകാര്യ വ്യക്തികൾ കെട്ടിയവയെത്രയാണ്;

LIBRARY ARCHIVES Kerala Legislative Assembly

(സി) ആകെയുള്ള ചെക്ക് ഡാമുകളിൽ എത്രയെണ്ണത്തിൽ എല്ലാ കാലത്തും വെള്ളം ഉണ്ടാകുമെന്ന് പറയാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പണി പൂർത്തിയായ 78 ചെക്ക് ഡാമുകൾ ഉണ്ട്. കൂടാതെ 8 ചെക്ക് ഡാമുകളുടെ പണി നടന്നുവരുന്നു.

(ബി) സ്വകാര്യ വ്യക്തികൾ നിർമ്മിച്ച തടയണകൾ ഒന്നുംതന്നെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) നിർമ്മാണം പൂർത്തിയായ തടയണകളിൽ അതിരൂക്ഷമായ വരൾച്ചക്കാലത്ത് ഒഴികെ മറ്റെല്ലാ സമയത്തും വെള്ളമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

പയസ്വിനി പുഴയ്ക്ക് കുറുകെ കർണ്ണാടക സർക്കാർ ചെക്ക് ഡാം നിർമ്മിക്കുന്ന നടപടി

76 [258] ശ്രീ. സി. ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ പയസ്വിനി പുഴയ്ക്ക് കുറുകെ കർണ്ണാടക സർക്കാർ ചെക്ക് ഡാം നിർമ്മിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(ബി) കാസർഗോഡ് പ്രദേശത്തെ കാർഷിക കുടിവെള്ള മേഖലയിൽ വലിയ പ്രത്യാഘാതം സൃഷ്ടിക്കുന്ന രീതിയിലുള്ള കർണ്ണാടക സർക്കാരിന്റെ തടയണ നിർമ്മാണം സംബന്ധിച്ച് ഇരുസർക്കാരുകളും തമ്മിൽ ചർച്ച ചെയ്യാൻ തയ്യാറാകുമോ;

(സി) തടയണ നിർമ്മാണം ഒഴിവാക്കുന്നതിനുവേണ്ടി സർക്കാർ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിലെ പയസ്വിനി പുഴയ്ക്ക് കുറുകെ കർണ്ണാടക സർക്കാർ ചെക്ക് ഡാം നിർമ്മിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ കുടിവെള്ളം ശേഖരിക്കുന്നതിനായി ഓടവയൽ എന്ന സ്ഥലത്ത് കഴിഞ്ഞ സീസണിൽ താൽക്കാലിക ബണ്ട് കെട്ടിയിരുന്നു. അത്തരം പ്രവൃത്തികൾ ഇപ്പോൾ ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly